# പതിനൊന്നാം കേരള നിയമസഭ
## ആറാം സമ്മേളനം
## 2003 ജൂലായ് 29-ാം തീയതി ചൊവ്വാഴ്ച

വാങ്മൂലം മറുപടി നൽകേണ്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ -17)

733)പുതിയ ടെക്നിക്കൽ യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതിനുള്ള തീരുമാനം
734)ന്യൂനപക്ഷ സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ പ്രവേശനം സംബന്ധിച്ച യു.ജി.സി. നിർദ്ദേശം
735)ടേൺകീ ബേസിസ് ടെൻഡർ വിളിക്കുന്ന നടപടി
736)എഞ്ചിനീയറിംഗ് കോളേജുകൾക്ക് ലോകബാങ്കിന്റെ സാമ്പത്തിക സഹായം
737)എക്സ്പ്രസ് ഹൈവേക്കു സാമ്പത്തിക സഹായം നിഷേധിക്കാൻ കാരണം
738)ഇൻസ്റ്റിറ്റ്യൂഷണൽ സ്ട്രെങ്ത്തനിംഗ് ആക്ഷൻ പ്ളാൻ
739)റസ്റ്റ് ഹൗസുകൾ പാട്ടത്തിന് നൽകുന്നതിനുള്ള മാനദണ്ഡം
740)ഭൂപരിഷക്കരണം നിയമം ഭേദഗതി ചെയ്യാൻ നടപടി
741)നോർക്ക ഭവനുകൾ
742)വിജയഭേരി പദ്ധതി
743)സ്വാശ്രയ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥി പ്രവേശനവും ഫീസും സംബന്ധിച്ച് യു.ജി.സി ഉത്തരവ്
744)എൻജിനീയറിംഗ് പഠനത്തിന് ലാറ്ററൽ എൻട്രി
745)ഹയർസെക്കന്ററി തലത്തിൽ കായിക വിദ്യാഭ്യാസം
746)ഭൂമിയെ സംബന്ധിച്ച രേഖകൾ കംപ്യൂട്ടർവൽക്കരിക്കാൻ നടപടി
747)സർക്കാർ കോളേജുകൾക്ക് ആവശ്യമായ കണ്ടിജൻസി ഫണ്ട് അനുവദിക്കുന്നതിന് നടപടി
748)നാഷണൽ ഓപ്പൺ സ്കൂളിൽ 10-ാം തരം പരീക്ഷ എഴുതുന്നതിന് മലയാളം മാധ്യമം ഉൾപ്പെടുത്താൻ നടപടി.
749)വയോജന വിദ്യാഭ്യാസ ഡയറക്ടറേറ്റ് രൂപീകരണം

### പുതിയ ടെക്നിക്കൽ യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതിനുള്ള തീരുമാനം

*735. ഡോക്ടർ തോമസ് ഐസക് :
ശ്രീ. വി.കെ. ചന്ദ്രൻ :
ശ്രീ. മത്തായി ചാക്കോ :
ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു പുതിയ ടെക്നിക്കൽ യൂണിവേഴ്സിറ്റി സ്ഥാപിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്താമോ ;

(ബി) സംസ്ഥാനത്തെ വിവിധ എഞ്ചിനീയറിംഗ് കോളേജുകൾ ഉൾപ്പെടെയുള്ള സാങ്കേതിക സ്ഥാപനങ്ങൾ ഈ ടെക്നിക്കൽ യൂണിവേഴ്സിറ്റിയിൽ അഫിലിയേറ്റ് ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) കൊച്ചി ശാസ്ത്ര സാങ്കോതിക സർവ്വകലാശാലയുടെ പ്രവർത്തനങ്ങളിൽ നിന്ന് ഏതൊക്കെ മേഖലകളിലാകും ഈ യൂണിവേഴ്സിറ്റിയുടെ പ്രവർത്തനം വേറിട്ട് നിൽക്കുക എന്ന് വ്യക്തമാക്കാമോ ?

**ഉത്തരം**
**ശ്രീ. നാലകത്ത് സൂപ്പി (വിദ്യാഭ്യാസ വകുപ്പുമന്ത്രി):**

(എ) ഉണ്ട്. പ്രോജക്ട് റിപ്പോർട്ട് ഉന്നതവിദ്യാഭ്യാസ വകുപ്പിൽ തയ്യാറാക്കി വരുന്നു.

(ബി) ഉണ്ട്.

(സി) കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല ഒരു നോൺ അഫിലിയേറ്റിംഗ് കാംപസ് സർവ്വകലാശാലയായി നിലനിർത്തുകയും നിർദ്ദിഷ്ട സാങ്കേതിക സർവ്വകലാശാല കാംപസ് രഹിത അഫിലിയേറ്റിംഗ് സർവ്വകലാശാലയായി സ്ഥാപിക്കാനുമാണ് നിർദ്ദേശം.

### ന്യൂനപക്ഷ സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ പ്രവേശനം സംബന്ധിച്ച യു.ജി.സി. നിർദ്ദേശം

*734. ശ്രീ. ബിനോയ് വിശ്വം :
ശ്രീ. എൻ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ പ്രവേശനത്തെ സംബന്ധിച്ച നിർദ്ദേശങ്ങളടങ്ങിയ ഉത്തരവ് യു.ജി.സി. പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ;

(ബി) ഈ ഉത്തരവിലെ പ്രധാന നിർദ്ദേശങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(സി) ഈ നിർദ്ദേശങ്ങളിൻമേൽ ഗവൺമെന്റ് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ ?

**<u>ഉത്തരം</u>**

**ശ്രീ. നാലകത്തു സൂപ്പി (വിദ്യാഭ്യാസ വകുപ്പുമന്ത്രി) :**

(എ) പുറപ്പെടുവിച്ചിട്ടുണ്ട്. കോപ്പി ഇതിനോടൊപ്പം വയ്ക്കുന്നു.

(ബി) 31-10-2002-ലെ സുപ്രീംകോടതിയുടെ 11 അംഗ ഭരണഘടന ബഞ്ചിന്റെ വിധിയുടെ അടിസ്ഥാനത്തിലാണ് യു.ജി.സി. സ്വകാര്യ സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ അഡ്മിഷൻ, മാനേജ്മെന്റ് സീറ്റ്, ഫീസ് എന്നിവയെ സംബന്ധിച്ച ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.

പ്രധാന നിർദ്ദേശങ്ങൾ ഇവയാണ്:

1. <u>അഡ്മിഷൻ</u> : മാനേജ്മെന്റ് സീറ്റ് ഉൾപ്പെടെയുള്ള എല്ലാ സീറ്റുകളിലും സംസ്ഥാന സർക്കാർ/കേന്ദ്ര സർക്കാർ/ യൂണിവേഴ്സിറ്റികൾ നടത്തുന്ന പൊതുപ്രവേശന പരീക്ഷയുടെ റാങ്കിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ നിലവിലുള്ള കൗൺസിലിംഗ് പ്രകാരം അഡ്മിഷൻ നടത്തുക. എന്നാൽ സ്വകാര്യ സ്വാശ്രയ കോളേജുകളിലെ മാനേജ്മെന്റ് സീറ്റ് ഈ റാങ്ക്ലിസ്റ്റിൽ നിന്നും സുതാര്യമായ ഒരു കൗൺസിലിംഗ് വഴി നികത്തേണ്ടതാണ്.

2. <u>മാനേജ്മെന്റ് സീറ്റ്</u> : സുപ്രീംകോടതി വിധിപ്രകാരം ഒരു നിശ്ചിത ശതമാനം സീറ്റുകൾ മാനേജ്മെന്റ് സീറ്റായി നീക്കി വയ്ക്കാവുന്നതാണ്. ഇതിൽ ന്യൂനപക്ഷ സമുദായ സ്ഥാപനത്തിനും ഭൂരിപക്ഷ സമുദായ സ്ഥാപനത്തിനും പ്രത്യേകം ശതമാനം നിശ്ചയിക്കാം. എന്നാൽ ഭൂരിപക്ഷ കോളേജുകൾക്ക് 15%-ത്തിൽ കൂടുതൽ സീറ്റ് അനുവദിക്കാൻ പാടില്ല. ഈ മാനേജ്മെന്റ് സീറ്റ് നികത്താത്ത പക്ഷം ജനറൽ മെരിറ്റിൽ ഉൾപ്പെടുത്തി പൊതു കൗൺസിലിംഗ് വഴി നികത്തേണ്ടതാണ്.

ഇപ്പോൾ ന്യൂനപക്ഷ സമുദായ സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുള്ള സീറ്റിന്റെ ശതമാനം 50 എന്നത് സുപ്രീം കോടതി റദ്ദാക്കിയതിനാൽ ഈ സ്ഥാനത്ത് സംസ്ഥാന സർക്കാർ സംസ്ഥാനത്തെ ന്യൂനപക്ഷത്തിന്റെ ജനസംഖ്യയും ന്യൂനപക്ഷ സീറ്റുകളുടെ ആവശ്യകതയും കണക്കിലെടുത്ത് ശതമാനം നിശ്ചയിക്കേണ്ടതാണ്. ഇങ്ങനെ അനുവദിക്കുന്ന സീറ്റുകളിൽ അതാത് ന്യൂനപക്ഷ സമുദായത്തിലെ വിദ്യാർത്ഥികൾക്ക് മാത്രമേ പ്രവേശനം നൽകാവൂ. ഒഴിവു വരുന്ന മാനേജ്മെന്റ് സീറ്റുകൾ ജനറൽ സീറ്റിലേക്ക് തിരികെ ഉൾപ്പെടുത്തി സംസ്ഥാന സർക്കാർ നടത്തുന്ന കൗൺസിലിംഗ് വഴി അഡ്മിഷൻ നടത്തണം.

3. <u>ഫീസ്</u> : വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്താനായി ചെലവാക്കപ്പെടുന്ന പണം മുഴുവൻ വിദ്യാർത്ഥികളുടെ മേൽ ഫീസിനത്തിൽ ചുമത്തരുത്. അധികമായി വേണ്ടിവരുന്ന തുക കൺസൽട്ടൻസി പ്രോജക്ട് വർക്കുകൾ മുതലായവ വഴി അതാത് സ്ഥാപനങ്ങൾ സ്വരൂപിക്കണം. സുപ്രീം കോടതിവിധിയുടെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ പുതുക്കി നിശ്ചയിച്ച ഫീസ് 2003-2004 അദ്ധ്യയന വർഷത്തെ വിദ്യാർത്ഥി പ്രവേശനത്തിന് മാത്രം ബാധകമാണ്. ഇപ്പോൾ നിലവിലുള്ള വിദ്യാർത്ഥികൾക്ക് ഈ ഫീസ് ബാധകമാക്കരുത്.

ഈ നിർദ്ദേശങ്ങൾ ഉൾപ്പെടെ സ്വാശ്രയ പ്രൊഫഷണൽ കേളേജുകളിലെ പ്രവേശനവും ഫീസും സംബന്ധിച്ച വിഷയങ്ങൾ സുപ്രീം കോടതിയുടെ ഭരണഘടനാ ബഞ്ചിന്റെ പരിഗണനയിലാണ്. സുപ്രീംകോടതി വിധി വന്നശേഷം അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

## <u>ടേൺകീ ബേസിസ് ടെൻഡർ വിളിക്കുന്ന നടപടി</u>

*735. ശ്രീ. ടി.കെ. ദേവകുമാർ :
ശ്രീ. ടി.കെ. ബാലൻ :
ശ്രീ.: പി. ജയരാജൻ :
ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ ടേൺകീ ബേസിസ് ടെൻഡർ വിളിക്കുന്ന നടപടി നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ ടേൺകീ ബേസിസ് ടെൻഡറിന്റെ പ്രത്യേകതകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) ഏതെല്ലാം ജോലികൾക്ക് ടേൺകീ ബേസിസ് ടെൻഡർ ഇതിനകം വിളിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഇൻവെസ്റ്റിഗേഷൻ, ഡിസൈൻ, കൺസ്ട്രക്ഷൻ ജോലികൾ എല്ലാം കോൺട്രാക്ടറെ ഏൽപ്പിക്കുന്ന നടപടി പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനങ്ങളെ എപ്രകാരം ബാധിക്കുമെന്ന് വെളിപ്പെടുത്തുമോ ;

(ഇ) ഈ നടപടി സ്വകാര്യവൽക്കരണം ലക്ഷ്യമാക്കിയാണെന്ന വിമർശനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ ഇക്കാര്യത്തിലുള്ള സർക്കാരിന്റെ നിലപാട് വെളിപ്പെടുത്തുമോ ?

**<u>ഉത്തരം</u>**

**ഡോ. എം.കെ. മുനീർ (മരാമത്ത് വകുപ്പുമന്ത്രി) :**

(എ) (ബി) &(സി) ടേൺകീ ബേസിസ് ടെൻഡർ എന്ന ഒരു നടപടിക്രമം പൊതുമരാമത്തു വകുപ്പിൽ നിലവിലില്ല.

(ഡി) (ഇ) & (എഫ്) ഇത്തരം ജോലികൾ പൊതുമരാമത്തു വകുപ്പിന്റെ മേൽനോട്ടത്തിലാണ് നിർവ്വഹിച്ചു വരുന്നത് .

**<u>എഞ്ചിനീയറിംഗ് കോളേജുകൾക്ക് ലോകബാങ്കിന്റെ സാമ്പത്തിക സഹായം</u>**

*736. ഡോ. എ. നീലലോഹിതദാസൻ നാടാർ :
ശ്രീ. കെ.പി. മോഹനൻ:
ശ്രീ. സി.കെ. നാണു:
ശ്രീ. എ.സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളിലെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് വേൾഡ് ബാങ്കിൽ നിന്ന് എന്തെങ്കിലും സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ കേരളത്തിലെ ഏതെല്ലാം എഞ്ചിനീയറിംഗ് കോളേജുകൾക്കാണ് സാമ്പത്തികസഹായം ലഭിച്ചിട്ടുള്ളത് ;

(സി) കോളേജുകൾ തെരഞ്ഞെടുക്കുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കാമോ ?

**<u>ഉത്തരം</u>**

**ശ്രീ. നാലകത്ത് സൂപ്പി (വിദ്യാഭ്യാസ വകുപ്പുമന്ത്രി) :**

(എ) ലോകബാങ്കിൽനിന്ന് സാമ്പത്തിക വായ്പാസഹായം ലഭ്യമാക്കിക്കൊണ്ട് സംസ്ഥാനത്തെ ഏതാനും എഞ്ചിനീയറിംഗ് കോളേജുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള ഒരു പദ്ധതിക്ക് ലോകബാങ്ക് അംഗീകാരം നൽകിയിട്ടുണ്ട്.

(ബി) കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തിരുവനന്തപുരം,, ഐ.എച്ച്.ആർ.ഡി.യുടെ മോഡൽ എഞ്ചിനീയറിംഗ് കോളേജ്, കൊച്ചി, ചെങ്ങന്നൂർ എഞ്ചിനീയറിംഗ് കോളേജ്, എൽ.ബി.എസ്. കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കാസർഗോഡ്, കെ.എസ്.ആർ.ടി.സി.യുടെ നിയന്ത്രണത്തിലുള്ള എസ്.സി.റ്റി. കോളേജ്, തിരുവനന്തപുരം, സ്വകാര്യ സ്വാശ്രയ സ്ഥാപനമായ എം.ഇ.എസ്. കോളേജ്, കുറ്റിപ്പുറം എന്നിവ ഈ പദ്ധതിയിൽപ്പെടുന്നു.

(സി) തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങൾ ഒരു സ്വയംഭരണ സ്ഥാപനം ആയിരിക്കണം. കൂടാതെ സ്ഥാപനത്തിനു വേണ്ടതായ അടിസ്ഥാന സൗകര്യങ്ങൾ, ലൈബ്രറി, ലാബറട്ടറി എന്നിവയും മെച്ചപ്പെട്ട രീതിയിൽ ഉണ്ടായിരിക്കണം. വിവിധ സൗകര്യങ്ങളും സാഹചര്യങ്ങളും വസ്തുനിഷ്ടമായി വിലയിരുത്തിയാണ് തെരഞ്ഞെടുപ്പ് നടത്തിയത്.

.

**<u>എക്സ്പ്രസ് ഹൈവേക്കു സാമ്പത്തിക സഹായം നിഷേധിക്കാൻ കാരണം</u>**

*737. ശ്രീ. പി.എസ്. സുപാൽ :
ശ്രീ. എം. കുമാരൻ :: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നിർദ്ദിഷ്ട എക്സ്പ്രസ് ഹൈവേക്ക് സാമ്പത്തികസഹായം നൽകേണ്ടതില്ലെന്ന് കേന്ദ്രഗവൺമെന്റ് തീരുമാനം ഉണ്ടോ ;

(ബി) ഉണ്ടെങ്കിൽ സംസ്ഥാനത്തെ ഈ സഹായത്തിൽനിന്നും ഒഴിവാക്കാനുണ്ടായ കാരണം എന്താണെന്ന് വിശദമാക്കുമോ ;

(സി) കേന്ദ്രസഹായം ലഭിക്കാതിരിക്കുന്ന സാഹചര്യത്തിൽ സ്വീകരിക്കുവാനുദ്ദേശിക്കുന്ന നടപടികൾ വെളിപ്പെടുത്തുമോ ?

**<u>ഉത്തരം</u>**

**ഡോ. എം.കെ. മുനീർ (മരാമത്തു വകുപ്പുമന്ത്രി) :**

(എ) (ബി) &(സി) കേന്ദ്രസർക്കാരിന്റെ പക്കൽ എക്സ്പ്രസ് വേ നിർമ്മാണത്തിന് സഹായം നൽകുന്ന പദ്ധതികളൊന്നും ഇല്ല. നാം സഹായത്തിനായി കേന്ദ്രഗവൺമെന്റിനെ സമീപിച്ചിട്ടില്ല. നിർദ്ദിഷ്ട പദ്ധതിയുടെ ധനപരമായ ചട്ടക്കൂട് ഏത് രീതിയിലായിരിക്കണമെന്ന കാര്യം സംസ്ഥാന സർക്കാരിന്റെ പരിഗണനയിലാണിരിക്കുന്നത്.

**<u>ഇൻസ്റ്റിറ്റ്യൂഷണൽ സ്ട്രെങ്ങ്തനിംഗ് ആക്ഷൻ പ്ളാൻ</u>**

*738. ശ്രീ. രാജു എബ്രഹാം :
ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ :
ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ :

ശ്രീ. കെ.വി. കുഞ്ഞിരാമന്‍ : താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് മരാമത്ത് വകുപ്പു മന്ത്രി സദയം മറുപടി നല്‍കുമോ:

(എ) പൊതുമരാമത്ത് വകുപ്പില്‍ നടപ്പിലാക്കുന്ന ഇന്‍സ്റ്റിറ്റ്യൂഷണല്‍ സ്ട്രെങ്ത്തനിംഗ് ആക്ഷന്‍ പ്ളാനിന്റെ വിശദാംശം വെളിപ്പെടുത്താമോ ;

(ബി) ഈ പദ്ധതിപ്രകാരം ഇതിനോടകം ഏതെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ട് ;

(സി) ഈ പദ്ധതികൊണ്ട് ഉണ്ടാകുന്നതായി കണക്കാക്കപ്പെടുന്ന നേട്ടങ്ങള്‍ എന്തെല്ലാം ;

(ഡി) ഈ പദ്ധതിക്കായി എന്തു ചെലവ് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത് ;

(ഇ) ഇതിനാവശ്യമായ ഫണ്ട് എവിടെയെല്ലാം നിന്നാണ് ലഭ്യമാക്കിയിട്ടുള്ളത് ;

(എഫ്) ഈ പദ്ധതിയുടെ ഭാഗമായി പൊതുമരാമത്ത് വകുപ്പില്‍ സാങ്കേതിക ജീവനക്കാരുടെ എണ്ണം കുറയ്ക്കാന്‍ തീരുമാനിച്ചിട്ടുണ്ടോ ?

**ഉത്തരം**

**ഡോ. എം.കെ. മുനീര്‍ (മരാമത്തു വകുപ്പുമന്ത്രി) :**

(എ) ഒരു റോഡ് മെയിന്റനന്‍സ് മാനേജ്മെന്റ് സിസ്റ്റം സ്ഥാപിച്ച് അതുവഴി അറ്റകുറ്റപ്പണികള്‍ ഏറ്റവും അത്യാവശ്യമായിടത്ത് മുന്‍ഗണനാക്രമത്തില്‍ ചെയ്യുക, പി.ഡബ്ള്യൂ.ഡി.കോഡ്, മാനുവല്‍, ഡാറ്റാബുക്ക്, സ്പെസഫിക്കേഷന്‍സ് എന്നിവ പരിഷ്ക്കരിക്കുക, കരാര്‍ നടപടിക്രമങ്ങള്‍ നവീകരിക്കുക തുടങ്ങിയവയാണ് ഇന്‍സ്റ്റിറ്റൂഷണല്‍ സ്ട്രെങ്ത്തനിംഗ് ആക്ഷന്‍പ്ളാന്‍ വഴി ചെയ്യാന്‍ ഉദ്ദേശിക്കുന്ന പല കാര്യങ്ങളില്‍ പ്രധാനമായവ .

(ബി) നടപടികള്‍ ആരംഭിച്ചുവരികയാണ്. പ്രാരംഭമായി ചീഫ് എഞ്ചിനീയര്‍മാരുടെ നേതൃത്വത്തില്‍ രൂപീകരിക്കപ്പെട്ട വര്‍ക്കിംഗ് ഗ്രൂപ്പുകള്‍ ടി പ്രവര്‍ത്തനങ്ങള്‍ക്കായുള്ള രൂപരേഖകള്‍ തയ്യാറാക്കിവരുന്നു. ഒരു വിവര സാങ്കേതിക സെന്റര്‍ രൂപീകരിക്കുകയും റോഡുകള്‍ പല ഏജന്‍സികള്‍ കുഴിക്കുന്നത് ഒഴിവാക്കാനായി കമ്പ്യൂട്ടര്‍ ശൃംഖല വഴി നടപ്പാക്കാനാവുന്ന ഒരു പ്രോട്ടോക്കോളിന് രൂപം കൊടുത്തു വരുകയുമാണ്.

(സി) ഏറ്റവും ആധുനികമായ റോഡ് മേല്‍നോട്ട വകുപ്പായി പൊതുമരാമത്തു വകുപ്പിനെ മാറ്റാന്‍ കഴിയണമെന്നതാണ് ലക്ഷ്യമിട്ടിരിക്കുന്ന നേട്ടം.

(ഡി) &(ഇ) ഏകദേശം 40 കോടിരൂപ ചെലവു വരുമെന്ന് കണക്കാക്കുന്നു. ഈ തുക കേരള സ്റ്റേറ്റ് ട്രാന്‍സ്പോര്‍ട്ട് പദ്ധതിക്ക് ലഭിക്കുന്ന ലോകബാങ്ക് സഹായത്തിന്റെ ഭാഗമാക്കിയിട്ടുണ്ട്.

(എഫ്) സാങ്കേതിക ജീവനക്കാരുടെ എണ്ണം കുറയ്ക്കാന്‍ ഉദ്ദേശമില്ല.

## <u>റസ്റ്റ് ഹൗസുകള്‍ പാട്ടത്തിന് നല്‍കുന്നതിനുള്ള മാനദണ്ഡം</u>

739. ശ്രീ. എം.വി. ജയരാജന്‍
ശ്രീ കെ.കെ. ജയചന്ദ്രന്‍
ശ്രീമതി ഗിരിജാ സുരേന്ദ്രന്‍
ശ്രീ. സാജു പോള്‍ : താഴെക്കാണുന്ന ചോദ്യങ്ങള്‍ക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ;

(എ) സംസ്ഥാനത്ത് റസ്റ്റ് ഹൗസുകള്‍ പാട്ടത്തിന് നല്‍കുന്നതിന് മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കില്‍ വിശദാംശം വെളിപ്പെടുത്തുമോ;

(സി) റസ്റ്റ് ഹൗസുകള്‍ പാട്ടത്തിന് നല്‍കുന്നതിനുവേണ്ടി അവയുടെ വാല്യുവേഷന്‍ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കില്‍ ആരാണ് നടത്തിയത് എന്നറിയിക്കുമോ;

(ഡി) ഏതൊക്കെ റസ്റ്റുഹൗസുകളാണ് ഇതുവരെ പാട്ടത്തിന് നല്‍കിയത്; പാട്ടത്തുക എത്രയെന്ന് വ്യക്തമാക്കുമോ; പാട്ടത്തുക നിശ്ചയിച്ചതിന്റെ മാനദണ്ഡം എന്താണ്;

(ഇ) ഇതുവരെ എന്തു തുക പാട്ടത്തുകയായി ലഭിച്ചിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ ?

**ഉത്തരം**

**ഡോ. എം.കെ. മുനീര്‍ (മരാമത്ത് വകുപ്പുമന്ത്രി)**

(എ) (ബി) & (ഡി) ഒരു കണ്‍സഷന്‍ കരാറിന്റെ അടിസ്താനത്തില്‍ മൂന്ന് റസ്റ്റ് ഹൂസുകള്‍ റിനോവേറ്റ് -ഓപ്പറേറ്റ്-മെന്‍ടയിന്‍-ട്രാന്‍സ്ഫര്‍ (ഞഛഞങഠ) വ്യവസ്ഥയില്‍ പുനരുദ്ധീകരിച്ച് നടത്തുന്നതിലേക്കായി സ്വകാര്യസംരംഭകര്‍ക്ക് കൈമറിയിട്ടുണ്ട്. റസ്റ്റ് ഹൗസുകളുടെ വാണിജ്യംമൂല്യം കണക്കാക്കിയശേഷം മുന്‍കൂട്ടിനിശ്ചയിച്ചതുകയ്ക്ക് മേലെ ഏറ്റവും കൂടിയ തുക ആരു നല്‍കുമോ അവരുമായി കരാര്‍ എന്നതായരുന്നു അടിസ്ഥാനം. കൈമാറിയ റസ്റ്റ് ഹൗസുകള്‍ക്ക് മുപ്പതുവര്‍ഷത്തെ കണ്‍സഷന്‍ കാലയളവില്‍ ലഭിക്കുന്ന മൊത്തം തുക താഴെക്കൊടുത്തിരിക്കുന്നു.

| സ്ഥലം | തുക (ലക്ഷം രൂപ) |
|---|---|
| മൂന്നാര്‍ | 350.00 |

| | |
|---|---|
| ആലുവ | 97.65 |
| വൈക്കം | 91.10 |

(സി) ബാംഗ്ളൂരിലെ ഇൻഫ്രാസ്ട്രെക്ച്ചർ ഡവലപ്മെന്റ് ഫിനാൻസ് കമ്പനിയെക്കൊണ്ട് വുല്യൂവേഷൻ നടത്തിച്ചിരുന്നു

(ഇ) ആദ്യവർഷം നൽകേണ്ട തുകയായ 11.5 ലക്ഷം രൂപ ലഭിച്ചുകഴിഞ്ഞിട്ടുണ്ട്.

## ഭൂപരിഷക്കരണം നിയമം ഭേദഗതി ചെയ്യാൻ നടപടി

740. ശ്രീ. എൻ. ഡി അപ്പച്ചൻ
ശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ
ശ്രീ ജി. പ്രതാപവർമ്മതമ്പാൻ
ശ്രീ കെ.സി. വേണുഗോപാൽ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യുവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഭൂപരിഷ്ക്കരണ നിയമം ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം കാര്യങ്ങൾക്കുവേണ്ടിയാണ് പ്രസ്തുത ഭേദഗതി ചെയ്യുന്നത്;

(സി) കശുവണ്ടി, ഏലം, കുരുമുളക് മുതലായ കൃഷികളെ പ്ളാന്റേഷനായി അംഗീകരിച്ച് അവ കൃഷി ചെയ്യുന്ന ഭൂമിയെ സീലിംഗിൽ നിന്ന് ഒഴിവാക്കാനുദ്ദേശിക്കുന്നുണ്ടോ?

**<u>ഉത്തരം</u>**

**ശ്രീ. കെ.എം.മാണി (റവന്യുവും നിയമവും വകുപ്പുമന്ത്രി)**

(എ) ഉണ്ട്.

(ബി) കശുമാവ് കൃഷിയെ ഭൂപരിധിയിൽ നിന്നും ഒഴിവാക്കുന്നതിനുവേണ്ടിയും, മിച്ചഭൂമിയായി പ്രഖ്യാപിച്ചതിൽ ഉൾപ്പെട്ട സ്ഥലങ്ങൾ വിലക്ക് വാങ്ങുകയോ മറ്റ് വിധത്തിൽ ആർജ്ജിക്കുകയോ അഥവാ രജിസ്ട്രേഡ് പ്രമാണങ്ങളുടെ അടിസ്ഥാനത്തിൽ കൈവശം വച്ച് അനുഭവിക്കുകയോ കൃഷിചെയ്യുകയോ ചെയ്യുന്ന ചെറുകിട കർഷകരേയും കൈവശക്കാർക്കും അവരുടെ ഭൂമിയിൽ സ്ഥിരാവകാശം നൽകുന്നതിനുവേണ്ടി കേരള ഭൂപരിഷ്ക്കരണ നിയമത്തിൽ ഭേദഗതികൾ വരുത്തുവാൻ ഉദ്ദേശിക്കുന്നു.

(സി) കശുമാവ് എസ്റ്റേറ്റുകളെ ഭൂപരിധി നിയമത്തിൽ നിന്നും ഒഴിവാക്കുന്നതിനായി നിയമ ഭേദഗതി വരുത്തുന്നതിനുളള നടപടികൾ നടന്നുവരുന്നുണ്ട്. കുരുമുളക് കൃഷിക്ക് നിലവിൽ ഭൂപരിധി നിയമം ബാധകമാണ്, കേരള ഭൂപരിഷ്ക്കരണ നിയമം സെക്ഷൻ 2 (44) അനുസരിച്ച് ഏലം കൃഷിയെ ഭൂപരിധി നിയമത്തിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

## നോർക്ക ഭവനുകൾ

741. ശ്രീ. ടി.എൻ. പ്രതാപൻ
ശ്രീമതി മേഴ്സി രവി
ശ്രീ എൻ. ശക്തൻ
ശ്രീ ടി.വി. ചന്ദ്രമോഹൻ
ശ്രീ കെ. അച്ചുതൻ ; താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാല്ർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഇൻഡ്യയുടെ പ്രധാന നഗരങ്ങളിൽ നോർക്ക ഭവനുകൾ സ്ഥാപിക്കുവാൻ ഉദ്ദ്യേശ്യമുണ്ടൊ;

(ബി) എങ്കിൽ ഈ ഭവനുകൾ വഴി എന്തെല്ലാം പ്രവർത്തനങ്ങൾ നടത്താനാണ് ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കുമോ ?

**<u>ഉത്തരം</u>**

**ശ്രീ. എം.എം. ഹസ്സൻ (ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി)**

(എ) ഇന്ത്യയുടെ പ്രധാന നഗരങ്ങളിൽ നോർക്ക ഭവനുകൾ സ്ഥാപിക്കുന്നതിനായുള്ള ഒരു നിർദ്ദെശം ജൂലായ് 12,13 തീയതികളിൽ തിരുവനന്തപുരത്തുവച്ച് നടന്ന മറുനാടൻ മലയാളി സംഗമം സമന്വയം 2003 അംഗീകരിച്ച കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ഇതിന്റെ വിശദാംശങ്ങൾ ചർച്ച ചെയ്തുവരുന്നതേയുള്ളു.

## വിജയഭേരി പദ്ധതി

742. ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ
ശ്രീ.പി.ജെ. ജോയി
ശ്രീ കെ. മോഹൻകുമാർ
ശ്രീ എ. സുജനപാൽ
പ്രൊഫ. എ.ഡി. മുസ്തഫ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് എത്ര കേസുകളിൽ വിജയഭേരി പദ്ധതി ആരംഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി ആരംഭിച്ച സ്കൂളുകളിൽ എസ്.എസ്. എൽ.സിയ്ക്ക് വിജയ ശതമാനം വർദ്ധിച്ചിട്ടുണ്ടൊ;

(സി) കഴിഞ്ഞ വർഷത്തെ എസ്.എസ്. എൽ. സി. പരീക്ഷയിൽ ഈ പദ്ധതിയിൽപ്പെട്ട സ്കൂളുകളിലെ ശരാശരി വിജയശതമാനം എത്രയായിരുന്നു; ഈ വർഷം അതെത്രയാണ് എന്ന് വെളിപ്പെടുത്തുമോ ?

**ഉത്തരം**

**ശ്രീ. നാലകത്ത് സൂപ്പി (വിദ്യാഭ്യാസ വകുപ്പുമന്ത്രി)**

(എ) 281 സ്കൂളുകളിൽ
(ബി) ഉണ്ട്
(സി) കഴിഞ്ഞവർഷം- 56.7 %
ഈ വർഷം - 62.7%

## സ്വാശ്രയ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥി പ്രവേശനവും ഫീസും സംബന്ധിച്ച് യു.ജി.സി ഉത്തരവ്

743. ശ്രീ. ടി.പി. രാമകൃഷ്ണൻ
ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ
ഡോ. തോമസ് ഐസക്
ശ്രീ. പി.സി. ജോർജ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സ്വാശ്രയ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥി പ്രവേശനവും ഫീസും സംബന്ധിച്ച് യു.ജി.സി. എന്തെങ്കിലും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ ഉത്തരവിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഈ ഉത്തരവ് നടപ്പിലാക്കാത്ത സ്വകാര്യ സ്വാശ്രയ പ്രൊഫഷണൽ സ്ഥാപനങ്ങൾക്ക് അഫിലിയേഷൻ നൽകേണ്ടതില്ലെന്ന് സംസ്ഥാനത്തെ ഏതെങ്കിലും സർവ്വകലാശാലകൾ തീരുമാനിച്ചിട്ടുണ്ടൊ; ഉണ്ടെങ്കിർ ഏതെല്ലാം സർവ്വകലാശാലകൾ ;

(ഡി) ഇക്കാര്യത്തിൽ സർക്കാർ നിലപാട് വ്യക്തമാക്കുമോ ?

**ഉത്തരം**

**ശ്രീ. നാലകത്ത് സൂപ്പി (വിദ്യാഭ്യാസ വകുപ്പുമന്ത്രി)**

(എ) ഉണ്ട്

(ബി) 31.10.2002 ലെ സുപ്രീംകോടതിയുടെ 11 അംഗ ഭരണഘടനാ ബഞ്ചിന്റെ വിധിയുടെ അടിസ്ഥാനത്തിലാണ് യു.ജി.സി. സ്വകാര്യ സ്വാ്ശ്രയ പ്രൊഫഷണൽ കോളേജുകളിലെ അഡ്മിഷൻ മാനേജ്മെന്റ് സീറ്റ് ഫീസ് എന്നിവ സംബന്ധിച്ച് 10.6.2003 ന് ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത് ഇവയാണ്.

അഡമിഷൻ :- മാനേജ്മെന്റ് സീറ്റ് ഉൾപ്പെടെയുള്ള എല്ലാസീറ്റുകളിലും സംസഥാന സർക്കാർ/കേന്ദ്ര സർക്കാർ/ യൂണിവേഴ്സിറ്റികൾ നടത്തുന്ന പൊതു പ്രവേശന പരീക്ഷയുടെ റാങ്കിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ നിലവിലുള്ള പ്രകാരം അഡ്മിഷൻ നടത്തുക. എന്നാൽ സ്വകാര്യ സ്വാശ്രയ കോളേജുകളിലെ മാനേജ്മെന്റ് സീറ്റ് ഈ റാങ്ക് ലിസ്റ്റിൽ നിന്നും സുതാര്യമായ ഒരു കൗൺസിലിംഗ് വഴി നികത്തേണ്ടതാണ്.

മാനേജ്മെന്റ് സീറ്റ് :- സുപ്രീംകോടതി വിധി പ്രകാരം ഒരു ശതമാനം സീറ്റുകൾ മാനേജ്മെന്റ് സീറ്റായി നീക്കിവയ്ക്കാവുന്നതാണ്. ഇതിൽ ന്യൂനപക്ഷ സമുദായസ്ഥാപനത്തിനും ഭൂരിപക്ഷ സമുദായ സ്ഥാപനത്തിനും പ്രത്യേക ശതമാനം നിശ്ചയിക്കാം. എന്നാൽ ഭൂരിപക്ഷ കോളേജുകൾക്ക് 15% ത്തിൽ കൂടുതൽ സീറ്റ് അനുവദിക്കാൻ പാടില്ല. ഈ മാൻജ്മെന്റ് സീറ്റ് നികത്താത്തപക്ഷം ജനററൽ മെരിറ്റിൽ ഉൾപ്പെടുത്തി പൊതുകൗൺസിലിംഗ് വഴി നികത്തേണ്ടതാണ്.

ഇപ്പോൾ ന്യൂനപക്ഷ സമുദായ സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുള്ള സീറ്റിന്റെ 50% എന്നത് സുപ്രീം കോടതി റദ്ദാക്കിയതിനാൽ ഈ സംസ്ഥാനത്ത് സംസ്ഥാന സർക്കാർ സംസ്ഥാനത്തെ ന്യൂനപക്ഷത്തിന്റെ ജനസംഖ്യയും ന്യൂനപക്ഷ സീറ്റുകളുടെ ആവശ്യകതയും കണക്കിലെടുത്ത് ശതമാനം നിശ്ചയിക്കേണ്ടതാണ്. ഇങ്ങനെ അനുവദിക്കുന്ന സീറ്റുകളിൽ അതാതു ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് മാത്രമേ പ്രവേശനം നൽകാവൂ. ഒഴിവു വരുന്ന മാനേജ്മെന്റ് സീറ്റുകൾ ജനറൽ സീറ്റിലേക്ക് തിരികെ ഉൾപ്പെടുത്തി സംസ്ഥാന സർക്കാർ നടത്തുന്ന കൗൺസിലിംഗ് വഴി അഡ്മിഷൻ നടത്താം.

ഫീസ്:- വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനായി ചെലവാക്കപ്പെടുന്ന പണം മുഴുവൻ വിദ്യാർത്ഥികളുടെ മേൽ ഫീസിനത്തിൽ ചുമത്തരുത്. അധികമായി വേണ്ടിവരുന്ന തുക കൺസൾട്ടൻസി/ പ്രോജക്ട് വർക്കുകൾ മുതലായവ വഴി അതാതു സ്ഖാപനങ്ങൾ സ്വരൂപിക്കണം. സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ പുതുക്കി നിശ്ചയിച്ച ഫീസ് 2003-2004 ലെ പ്രവേശനത്തിന് മാത്രം ബാധകമാണ്. ഇപ്പോൾ നിലവിലുള്ള വിദ്യാർത്ഥികൾക്ക് ഈ ഫീസ് ബാധകമാക്കരുത്.

(സി) കേരള സർവ്വകലാശാല

(ഡി) ഈ നിർദ്ദേശങ്ങൾ ഉൾപ്പെടെ സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ പ്രവേശനവും ഫീസും സംബന്ധിച്ച വിഷയങ്ങൾ സുപ്രീംകോടതിയുടെ ഭരണഘടനാ ബഞ്ചിന്റെ പരിഗണനയിലാണ്. സുപ്രീംകോടതി വിധി വന്ന ശേഷം അനന്തര നടപടികൾ സ്വീകരിക്കാവുന്നതാണ്.

## എൻജിനീയറിംഗ് പഠനത്തിന് ലാറ്ററൽ എൻട്രി

744. ശ്രീ. ജോസഫ്. എം. പുതുശ്ശേരി
ശ്രീ സ്റ്റീഫൻ ജോർജ്
ശ്രീ തോമസ് ഉണ്ണിയാടൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് എൻജിനീയറിംഗ് പഠനത്തിന് രാറ്ററൽ എൻട്രി നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ അത് സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഇല്ലെങ്കിൽ ലാറ്ററൽ എൻട്രി വഴി അഡ്മിഷൻ നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നും അഅയത് എന്നത്തേക്ക് നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ ?

**ഉത്തരം**

**ശ്രീ. നാലകത്ത് സൂപ്പി (വിദ്യാഭ്യാസ വകുപ്പുമന്ത്രി)**

(എ) 2003-2004 അദ്ധ്യയന വർഷം മുതൽ ലാറ്ററൽ എൻട്രി സ്കീം സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളിൽ നിലവിൽ വന്നു.

(ബി) 60% മാർക്കോടെ ഡിപ്ളോമ പാസ്സായവരും ലാറ്ററൽ എൻട്രി പ്രവേശന പരീക്ഷയിലെ റാങ്കും മാനദണ്ഡമായി എടുത്താണ് പ്രവേശനം നൽകുന്നത്.

(സി) ബാധകമല്ല.

## ഹയർസെക്കന്ററി തലത്തിൽ കായിക വിദ്യാഭ്യാസം

745 ശ്രീ. എം.എ.വാഹിദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹയർസെക്കന്ററി തലത്തിൽ കായിക വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) ഹയർസെക്കന്ററി തലത്തിൽ കായികപരിശീലനം നൽകുന്നതിനുവേണ്ടി യോഗ്യതയുള്ള അദ്ധ്യാപകരെ നിയമിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ ;

(സി) എങ്കിൽ ഹയർ സെക്കന്ററി തലത്തിൽ എം.പി.ഇ./എം.പി.എസ്. എന്നിവ അടിസ്ഥാന യോഗ്യതയായി നിശ്ചയിച്ച് അദ്ധ്യാപകരെ നിയമിക്കുന്ന കാര്യം പരിഗണിക്കുമോ?

**ഉത്തരം**

**ശ്രീ. നാലകത്ത് സൂപ്പി ( വിദ്യാഭ്യാസ വകുപ്പുമന്ത്രി ) :-**

(എ) ഹയർ സെക്കന്ററി വിദ്യാർത്ഥി-വിദ്യാർത്ഥിനികളുടെ കായികമായ കഴിവുകൾ പരിപോക്ഷിപ്പിക്കുന്നതിനായി ഹയർസെക്കന്ററി സ്പോർട്ടസ് ആന്റ് ഗെയിംസ് മത്സരങ്ങൾ നടത്തിവരുന്നുണ്ട്. മത്സര വിജയികൾക്ക് സർട്ടിഫിക്കറ്റുകളും ചാംപ്യൻഷിപ്പു നേടുന്നവർക്ക് ആൺകുട്ടികളുടേയും പെൺകുട്ടികളുടേയും വിഭാഗത്തിൽ പ്രത്യേകമായി ട്രോഫികളും നൽകുന്നുണ്ട്. കൂടാതെ മത്സരങ്ങളിൽ പങ്കെടുക്കുന്നവർക്ക് പാർടിസിപ്പേഷൻ സർട്ടിഫിക്കറ്റുകളും വിജയികൾക്ക് നിശ്ചിത ശതമാനം ഗ്രേസ്മാർക്കും നൽകിവരുന്നു.

(ബി) ഹയർസെക്കന്ററി വിദ്യാഭ്യാസത്തിനായുള്ള നിയമനചട്ടങ്ങൾ ഉൾക്കൊള്ളുന്ന സ്പെഷ്യൽ റൂൾസിൽ കായിക അധ്യാപക തസ്തിക ഉൾപ്പെടുത്തിയിട്ടില്ല. അതിനാൽ ഹയർസെക്കന്ററിതലത്തിൽ കായിക അധ്യാപകരെ നിയമിക്കാൻ നിർവ്വാഹമില്ല. എന്നാൽ ഹൈസ്ക്കൂൾ തലത്തിൽ നിയമിച്ചിട്ടുളളതായ കായികാധ്യാപകർക്ക് പ്രതിമാസം 50 രൂപ സ്പെഷ്യൽ അലവൻസ് നൽകി ഹയർസെക്കന്ററി വിദ്യാർത്ഥികൾക്ക് കൂടി പരിശീലനം നൽകിവരുന്നുണ്ട്.

(സി) (ബി) വിഭാഗത്തിന് നൽകിയ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

**<u>ഭൂമിയെ സംബന്ധിച്ച രേഖകൾ കംപ്യൂട്ടർവൽക്കരിക്കാൻ നടപടി</u>**

746. പ്രൊഫ.എ.ഡി.മുസ്തഫ :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂമിയെ സംബന്ധിച്ച രേഖകൾ കംപ്യൂട്ടർവൽക്കരിക്കാൻ ഉദ്ദേശമുണ്ടോ ;

(ബി) ആയതിനായി ഇതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു ;

(സി) ഈ പ്രവൃത്തികളിൽ തെറ്റ് പറ്റാതിരിക്കാൻ എന്തെല്ലാം മുൻകരുതൽ എടുത്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

**<u>ഉത്തരം</u>**

**ശ്രീ. കെ.എം.മാണി (റവന്യൂവും നിയമവും വകുപ്പുമന്ത്രി ) :**

(എ) ഉദ്ദേശമുണ്ട്.

(ബി) ജില്ലകളിലുള്ള ജില്ലാ ഇൻഫർമാറ്റിക്സ് സെന്റർ വഴിയും കുടുംബശ്രീ യൂണിറ്റുകൾ വഴിയും കംപ്യൂട്ടർ വല്ക്കരണം ധൃതഗതിയിൽ നടന്നുവരുന്നുണ്ട്. മിക്ക ജില്ലകളിലും അടിസ്ഥാന നികുതി രജിസ്റ്റർ കംപ്യൂട്ടർവല്ക്കരിച്ചു കഴിഞ്ഞു. തണ്ടപ്പേർ രജിസ്റ്റർ കംപ്യൂട്ടർവല്ക്കരിക്കുന്നതിനുളള നടപടികൾ നടന്നുവരുന്നു. റീ സർവേ നടത്താത്തതു കാരണം ഭൂരേഖാ കംപ്യൂട്ടർവല്ക്കരണ ജോലികളിൽ ഉദ്ദേശിച്ച പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. എങ്കിലും നിലവിലുള്ള രേഖകളുടെ അടിസ്ഥാനത്തിൽ ഡാറ്റാ എന്ട്രി നടത്തി വരുന്നു. റീസർവേ നടന്ന വില്ലേജുകളിലെ റീസർവേ നടന്നതിനുശേഷമുള്ള പോക്കു വരവ് കേസുകൾ കംപ്യൂട്ടർവല്ക്കരിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

സർവെ മാപ്പുകൾ കംപ്യൂട്ടറൈസ് ചെയ്യുന്നതിന്റ ഭാഗമായി കോട്ടയം, ചങ്ങനാശ്ശേരി , മീനച്ചിൽ, കാഞ്ഞിരപ്പളളി, ആലുവ, കണയന്നൂർ എന്നീ താലൂക്കുകളിലെ 113 വില്ലേജുകളുടെ റീസർവേ റെക്കോർഡുകളുടെ ഡിജിറ്റൈസേഷൻ ജോലി 100% കേന്ദ്ര സഹായത്തോടെ പൂർത്തിയാക്കി വരുന്നു.

(സി) ഭൂമിയെ സംബന്ധിച്ച് വില്ലേജ് ഓപീസുകൽമുഖേനെയുലള വിവരങ്ങൾ കംപ്യൂട്ടർവല്ക്കരിക്കുന്നതിന് നാഷണൽഇൻഫോർമാറ്റിക് സെന്റർ തയ്യാറാക്കിയിട്ടുളള സോഫ്റ്റ്വെയർ ഉപയോഗിചേ്ച് അടിസ്ഥാനനികുതി രജിസ്റ്റർ, തണ്ടപ്പേർ രജിസ്റ്റർ പോക്കുവരവ് മുതലായ വിവരഹ്ങൾ കംപ്യൂട്ടറിൽ ചേർത്തുവരുന്നു. ഡാറ്റാ എൻട്രി നടത്തുന്നതിന്റെ പ്രിന്റഡ് കോപ്പി ബന്ധപ്പെട്ട രജിസ്റ്ററുമായി ഒത്തുനോക്കി ബോദ്യപ്പെടണമെന്ന് വില്ലേജ് ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ കംപ്യൂട്ടർവൽക്കരിക്കുന്ന രേഖകളുടെ ചെക്ക് ലിസ്റ്റ് സൂക്ഷ്മ പരിശോധന നടത്തി കൃത്യത ഉറപ്പുവരുത്തുന്നുണ്ട്. റീ സർവേ കഴിഞ്ഞ് റിക്കാർഡുകളെ സംബന്ധിച്ച് രജിസ്ട്രേഷൻ വകുപ്പുമായി ബന്ധപ്പെട്ട് കൃത്യത ഉറപ്പു വരുത്തി ഡാര്റാ എന്ട്രി നടത്തുന്നുണ്ട്.

കേന്ദ്രസർക്കാരിന്റെ നിർദ്ദേശമനുസരിച്ച് 3 പ്രൈവറ്റ് കംപനികളാണ് ഇപ്പോൾ ഡിജിറ്റൈസേഷൻ ജോലി ചെയ്തുകൊണ്ടിരിക്കുന്നത്. ഡിജിറ്റൈസ് ചെയ്യുന്ന മാപ്പുകളുടെ കോപ്പി സർവേ വകുപ്പിനെ ഏൽപ്പിക്കകയും അവ പരിശോധിച്ച് കറക്ഷൻ ഉണ്ടെങ്കിൽ പരിഹരിച്ച് കംപനിയെ തിരിച്ചേൽപ്പിക്കുകയും അപാകതകൾ പരിഹരിച്ച് ഫൈനൽപ്രിന്റു നൽകുകയും ചെയ്യുന്ന രീതിയാൽ നിലവിലുളളത്. ആയതിനാൽ തെറ്റുപറ്റാൻ സാദ്യത കുറവാണ്. .

**<u>സർക്കാർ കോളേജുകൾക്ക് ആവശ്യമായ കണ്ടിജൻസി ഫണ്ട് അനുവദിക്കുന്നതിന് നടപടി</u>**

747 ശ്രീമതി. ഗിരിജാ സുരേന്ദ്രൻ :

ശ്രീ. കെ. വി.കുഞ്ഞിരാമൻ :

ശ്രീ പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സർക്കാർ കോളേജുകളിൽ കണ്ടിജൻസി ഫണ്ട് അനുവദിക്കാത്തതുമൂലം ലബോറട്ടറികളിൽ ആവശ്യമായ യാതൊരു സാധനങ്ങളുമില്ലാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കോളേജുകളിൽ വൈദ്യുതി, ടെലഫോൺ എന്നിവയുടെ ചാർജ്ജ് അടയ്ക്കുന്നതിന് ആവശ്യമായ തുക ലഭിക്കാത്തതുമൂലം പല കോളേജുകളിലും വൈദ്യുതിയും ഫോണും വിച്ഛേദിക്കപ്പെട്ടിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) മിക്ക കോളേജുകളിലും പി.ടി.എ.ഫണ്ടാണ് ഇത്തരം കാര്യങ്ങൾക്ക് ഉപയോഗിക്കുന്നതെന്ന വസ്തുത കണക്കിലെടുത്ത് കോളേജുകൾക്ക് ആവശ്യമായ കണ്ടിജൻസി ഫണ്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

**<u>ഉത്തരം</u>**

**ശ്രീ. നാലകത്ത് സൂപ്പി ( വിദ്യാഭ്യാസ വകുപ്പുമന്ത്രി ) :-**

(എ ) ഇല്ല. സർക്കാർ കോളേജുകൽക്ക് കണ്ടിജൻസി ഫണ്ടിൽ നിന്നല്ല ലാബോറട്ടറി സാധനങ്ങൾ വാങ്ങുന്നത്.

(ബി) ഇല്ല.

(സി) കോളേജുകൾക്ക് ആവശ്യമായ കണ്ടിജൻസി ഫണ്ട് അനുവദിക്കുന്നതിന് ഇപ്പോൾ നിർദ്ദേശങ്ങളൊന്നും നിലവിലില്ല. ബഡ്ജറ്റ് പൂർണ്ണമായി പാസ്സാകുന്ന മുറയ്ക്ക് ആവശ്യമായ ഫണ്ട് ലഭ്യമാകും.

**<u>നാഷണൽ ഓപ്പൺ സ്കൂളിൽ 10-ാം തരം പരീക്ഷ എഴുതുന്നതിന് മലയാളം മാധ്യമം ഉൾപ്പെടുത്താൻ നടപടി.</u>**

748 ശ്രീ. എം.എ.ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ വിദ്യഭ്യാസ നയത്തിന്റെ ഭാഗമായി നാഷണൽ ഓപ്പൺ സ്കൂളിൽ 10-ാം തരം പരീക്ഷ എഴുതുന്നതിന് വിദ്യാർത്ഥികൾക്ക് മിക്ക പ്രാദേശിക ഭാഷകളിലും എഴുതാൻ അവസരം ലഭിക്കുമ്പോൾ മലയാള ഭാഷയിൽ പരീഷ എഴുതാൻ കഴിയുന്നില്ല എന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുളളതെന്ന് വ്യക്തമാക്കുമോ ;

(സി) നാഷണൽ ഓപ്പൺ സ്കൂളിൽ 10-ാം തരം പരീക്ഷ എഴുതുന്നതിന് മലയാളം മാധ്യമം കൂടി ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ;

(സി) കേരളാ സ്റ്റേറ്റ് ഓപ്പൺ സ്കൂളിൽ ഡ്രോപ്പ് ഔട്ട്സിനു വേണ്ടി 10 -ാം തരം പരീക്ഷ എഴുതുന്നതിനുളള അവസരം നൽകാൻ നടപടി സ്വീകരിക്കുമോ ?

**<u>ഉത്തരം</u>**

**ശ്രീ. നാലകത്ത് സൂപ്പി ( വിദ്യാഭ്യാസ വകുപ്പുമന്ത്രി ) :-**

(എ) നാഷണൽ ഓപ്പൺ സ്കൂളിന്റെ 10-ാം തരം പരീക്ഷ മലയാളത്തിൽ എഴുതാനുളള സംവിധാനം ഈ വർഷം നിലവിൽ വന്നിട്ടുണ്ട്.

(ബി) & (സി) ബാധകമല്ല.

(ഡി) ഡ്രോപ്പ് ഔട്ട്സിനു വേണ്ടി 10 -ാം തരത്തിന് തുല്യമായ ഓപ്പൺ എസ്.എസ്.സി. എന്ന കോഴ്സ് കേരള സ്റ്റേറ്റ് ഓപ്പൺസ്കൂളിൽ ആരംഭിക്കാനുളള നടപടി പൂർത്തിയാക്കിയിട്ടുണ്ട്.

**<u>വയോജന വിദ്യാഭ്യാസ ഡയറക്ടറേറ്റ് രൂപീകരണം</u>**

749 ശ്രീ എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വയോജന വിദ്യാഭ്യാസത്തിന് ഡയറക്ടറേറ്റ് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഇപ്പോൾ നിലനിൽക്കുന്ന ഏതൊക്കെ സ്ഥാപനങ്ങളെ ഈ ഡയറക്ടറേറ്റിന് കീഴിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ ;

(സി) വയോജന വിദ്യാഭ്യാസം സംസ്ഥാനത്ത് ഇപ്പോൾ നിലവിലുണ്ടോ ;

(ഡി)എങ്കിൽ ഇപ്പോൾ ഏതൊക്കെ സ്ഥാപനങ്ങളാണ് മേൽനോട്ടം വഹിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഇ) വയോജന വിദ്യാഭ്യാസ ഡയറക്ടറേറ്റ് എന്നാണ് നിലവിൽ വരുമെന്ന് വ്യക്തമാക്കുമോ ?

**<u>ഉത്തരം</u>**

**ശ്രീ. നാലകത്ത് സൂപ്പി ( വിദ്യാഭ്യാസ വകുപ്പുമന്ത്രി ) :-**

(എ) & (ബി) ) സംസ്ഥാനത്ത് വയോജന വിദ്യാഭ്യാസത്തിന് ഡയറക്ടറേറ്റ് രൂപീകരിക്കണമെന്ന ആവശ്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യം വിശദമായി പരിശോധിച്ചിട്ടില്ല.

(സി) ഉണ്ട്.

(ഡി) സംസ്ഥാനത്തെ തുടർ വിദ്യാഭ്യാസ പദ്ധതിക്ക് കേരള സംസ്ഥാന സാക്ഷരതാ മിഷനും സ്റ്റേറ്റ് റിസോഴ്സ് സെന്ററും ജില്ലാതലത്തിൽ ജില്ലാ ലിര്ററസി മിഷനുമാണ് നേതൃത്വം നൽകുന്നത്.

(ഇ) ഇക്കാര്യം പരിശോധിച്ചിട്ടില്ല